## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1908 01/02/2018-ന് മറുപടിക്ക്

## പറമ്പിക്കുളം- ആളിയാർ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) പറമ്പിക്കുളം- ആളിയാർ കരാർ തുടർച്ചയായി തമിഴ്നാട് സർക്കാർ ലംഘിക്കുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ; | എ) ഉണ്ട്<br>2015 -16, 2016-2017 ജലവർഷങ്ങളിൽ തമിഴ്നാട് പി.എ.പി കരാർ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചിട്ടില്ല. നടപ്പ് ജല വർഷ (2017-18) ത്തിൽ മണക്കടവ് വിയറിൽ നാളിതുവരെ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം ലഭിച്ചിട്ടില്ല. കരാർ പ്രകാരം മണക്കടവ് വിയറിൽ 2017 ജൂലൈ 1 മുതൽ 2018 ജനുവരി 15 വരെ 5200 എം.സി.എഫ്.ടി. ജലമാണ് ലഭിക്കേണ്ടത് എന്നാൽ ഈ കാലയളവിൽ 4494 എം.സി.എഫ്.ടി. ജലമേ കിട്ടിയിട്ടുള്ളൂ. കൂടാതെ കേരള ഷോളയാറിലെ ജലവിതാനം 2017 സെപ്റ്റംബർ 1 ന് പൂർണ്ണ ജലനിരപ്പായ (ഫുൾ റിസർവോയർ ലെവൽ) 2663 അടിയിൽ തമിഴ് നാട് എത്തിച്ചില്ല. കേരള ഷോളയാറിലെ ജലവിതാനം 2017 സെപ്റ്റംബർ 1 ന് 2651.60 അടിമാത്രമായിരുന്നു. |

| | |
|---|---|
| | പി.എ.പി കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരുമായി കേരള സർക്കാർ നിരന്തര സമ്പർക്കത്തിലാണ്.<br>കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് നിലവിലെ ജല ക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ കേരളം സ്വീകരിച്ചു വരുന്നു. |
| ബി)കരാർ നിരന്തരം ലംഘിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നത് ; ഇക്കാര്യം വിശദമായി പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ ? | ബി) കരാർ വ്യവസ്ഥാലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കരാർ പുനരവലോകന ചർച്ചകളിലും കേരളം ഇക്കാര്യം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. 19/01/2018- ,--ൽ തിരുവനന്തപുരത്ത് നടത്തിയ സെക്രട്ടറി ലെവൽ ചർച്ചയിൽ കരാർ പുനരവലോകനം ചെയ്യുവാൻ ധാരണയായിട്ടുണ്ട്. കേരളത്തിന് അർഹമായ ജലം ലഭിക്കുവാനുള്ള അടിയന്തിര നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**